## കേരള സർക്കാർ

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി - മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്ന 7 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

**സ.ഉ. (സാധാ) നം. 2693/2017/പൊ.വി.വ. തിരുവനന്തപുരം, തീയതി : 09/08/2017**

പരാമർശം : 1) 07.11.2016-ലെ സ.ഉ.(പി) നം. 186/2016/പൊ.വി.വ.
2) 31.03.2017-ലെ സ.ഉ.(സാധാ) നം. 936/2017/പൊ.വി.വ.
3) 03.05.2017-ലെ സ.ഉ. (സാധാ) നം. 1237/2017/പൊ.വി.വ.
4) 11.07.2017-ലെ സ.ഉ. (സാധാ) നം. 2288/2017/പൊ.വി.വ.
5) കിറ്റ്കോ സീനിയർ കൺസൾട്ടിന്റെ 03.08.2017-ലെ 2966/ഡി.പി-871/എസ്.ഇ.വി/2017 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം രണ്ട് ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ സ്കൂളുകളുടെ ശാസ്ത്രീയമായ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം തയ്യാറാക്കിയിട്ടുള്ള ഏഴ് സ്കൂളുകളുടെ ശാസ്ത്രീയമായ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്കും കിഫ്ബി മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്കായി ഭരണാനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം കിറ്റ്കോ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്നതിന് ശാസ്ത്രീയമായ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള താഴെ പറയുന്ന 7 സ്കൂളുകൾക്ക് അംഗീകാരം നൽകിക്കൊണ്ടും ഇവയെല്ലാം കിഫ്ബി മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്കായി സമർപ്പിക്കാനും ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | നിയോജക മണ്ഡലം | പദ്ധതി തുക (കോടിയിൽ) |
|---|---|---|---|
| 1 | മൊഗ്രാൾ ഗവ.വി.എച്ച്.എസ്.എസ്. | മഞ്ചേശ്വരം | 7.98 |
| 2 | ചേന്ദമംഗലം ഗവ.എച്ച്.എസ്.എസ്. | പറവൂർ | 5.71 |
| 3 | ഇടപ്പള്ളി ഗവ.എച്ച്.എസ്.എസ്. | തൃക്കാക്കര | 5.45 |
| 4 | വടക്കാഞ്ചേരി ഗവ.ബി.എച്ച്.എസ്.എസ്. | വടക്കാഞ്ചേരി | 5.028 |
| 5 | പെരുമ്പാവൂർ ഗവ.ജി.എച്ച്.എസ്.എസ്. | പെരുമ്പാവൂർ | 5.69 |
| 6 | കൂറ്റനാട് വട്ടേനാട് ഗവ.വി.എച്ച്.എസ്.എസ്. | തൃത്താല | 6.19 |
| 7 | പത്തിരിപ്പാല ഗവ.എച്ച്.എസ്.എസ്. | കോങ്ങാട് | 5.02 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഉഷാ ടൈറ്റസ്**
**സെക്രട്ടറി**

അഡിഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കിറ്റ്കോ, കൊച്ചി.
ധനകാര്യവകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് : വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്.